രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം




1. ഈശോ ജീവന്റെ ഉറവിടം
2. സഭയിലൂടെ ജീവൻ നൽകുന്ന ഈശോ
3. കൂദാശകൾ: ജീവൻ നൽകുന്ന ചാലുകൾ
4. മാമ്മോദീസാ: ഈശോയിലുള്ള ജനനം
5. തൈലാഭിഷേകം: പരിശുദ്ധാത്മാവിലുള്ള അഭിഷേകം
6. വി. കുർബാന: ജീവൻ നൽകുന്ന ബലി
7. വി. കുർബാന: ജീവന്റെ അപ്പം
8. ഈശോയെ സ്വീകരിക്കാൻ
9. അനുരഞ്ജിതരായ് തീർന്നീടാം
10. അനുരഞ്ജനകൂദാശ
11. രോഗീലേപനം
12. തിരുപ്പട്ടം
13. വിവാഹം
14. കുദാശാനുകരണങ്ങൾ
15. പ്രാർത്ഥന: ദൈവവുമായുള്ള സംഭാഷണം

പാഠം 13

# വിവാഹം







**മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും** (ഉൽപത്തി 2:18).

സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും. അവർ ഇരുവരും ഏക ശരീരമായിരിക്കും. പിന്നീടൊരിക്കലും അവർ രണ്ടല്ല. ഒറ്റ ശരീരമിയിരിക്കും. ആകയാൽ,ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മത്താ 19:4–6).



വിവാഹ ബന്ധത്തിന്റെ സുപ്രധാന ഘടകങ്ങളാണ് ഭാര്യാ ഭർത്തൃ വിശ്വസ്തതയും പരസ്പരസ്നേഹവും

പുരുഷനും സ്ത്രീയും തമ്മിൽ, വിശുദ്ധവും മരണംവരെ വേർപിരിയാത്തതുമായ ഐക്യത്തെ ഉളവാക്കുന്നതും, പരസ്പരം നിർമ്മലതയോടെ സ്നേഹിക്കുന്നതിനും ദൈവം നൽകുന്ന മക്കളെ നല്ല ക്രിസ്ത്യാനികളായി വളർത്തുന്നതിനും വേണ്ട കൃപാവരം ദമ്പതികൾക്കു നൽകുന്നതുമായ കൂദാശയാണ് വിവാഹം.



മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും മാതാപിതാക്കളെ അനുസരിച്ചു ജീവിക്കുന്ന മക്കളും അടങ്ങുന്നതാണ് മാതൃകാകുടുംബം.

കുട്ടികളേ, കർത്താവിൽ മാതാപിതാക്കളെ അനുസരിക്കുവിൻ, അത് നിങ്ങളുടെ കർത്തവ്യമാണ്

(എഫേ 6:1).



# നമുക്കു പാടാം



ആഹ്ലാദിക്കാം സോദരരെ
നവദമ്പതിമാരോപ്പം നാം
ഉച്ചസ്വരത്തിൽ വാഴ്ത്തീടാം
മിശിഹാനാഥനു സ്തുതിഗീതം

# നമുക്കു പ്രാർത്ഥിക്കാം

മനുഷ്യാവതാരംവഴി മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യസ്നേഹചൈതന്യത്താൽ ധന്യമാക്കണമേ.

നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(മർക്കോ.10:1-12)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**“ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ”**

(മർക്കോ. 10:9).

# എന്റെ തീരുമാനം

എന്റെ മാതാപിതാക്കൾക്കു വേണ്ടി ഞാൻ ദിവസവും പ്രാർത്ഥിക്കുകയും അവരെ അനുസരിക്കുകയും ചെയ്യും.

# നമുക്കു ആടാം പാടാം



ആദത്തെ ഏദനിലാക്കി ദൈവം
തുണയായി സഖിയായി ഹവ്വായേയും
ദൈവകൃപയാൽ നിറഞ്ഞവിടെ
ആദ്യകുടുംബമുയർന്നു വന്നു

ഭൂവിൽ കുടുംബം പടുത്തുയർത്താൻ
വിശ്വസ്ത സ്നേഹം വളർത്തിടുവാൻ
വിവാഹകൂദാശയേകീ ദൈവം
വീടതു ഭൂവിലെ സ്വർഗ്ഗമാക്കാൻ.

Thank you